ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി ആക്റ്റ്, 1985

(1985-ലെ 82-ാം നമ്പർ ആക്റ്റ്)

(2002 ജനുവരി 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE INLAND WATERWAYS AUTHORITY OF INDIA ACT, 1985

(Act 82 of 1985)

*(As on 1st January, 2002)*

വില: 23.00 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2003

## ആമുഖം

2002 ജനുവരി 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി ആക്ട്, 1985 (1985-ലെ 82-ാം ആക്ട്) ന്റെ മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ഫെബ്രുവരി 10-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം 1-ാം നമ്പരായി 3 മുതൽ 22 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്ട്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്ടിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. സുഭാഷ് സി. ജയിൻ,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

## PREFACE

This Edition of the Inland Waterways Authority of India Act, 1985 (Act 82 of 1985) as on 1st January, 2002 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 1 dated 10th February, 2003 on pages 3 to 22.

This authorised translation was published under the authority of the President under Clause (a) of Section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. SUBHASH C. JAIN,
*Secretary to the Government of India.*

3/4067/2002 (I)

# ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി ആക്റ്റ്, 1985

## (1985-ലെ 82-ാം നമ്പർ ആക്റ്റ്)

### ഉള്ളടക്കം

അദ്ധ്യായം I


വകുപ്പുകൾ പ്രാരംഭികം പേജ്

1. ചുരുക്കപ്പേരും പ്രാരംഭവും .. 1
2. നിർവ്വചനങ്ങൾ .. 1

അദ്ധ്യായം II

ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി

3. ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റിയുടെ രൂപീകരണവും ഏകാംഗീകരണവും. .. 3
4. അംഗങ്ങളുടെ സേവന വ്യവസ്ഥകൾ .. 3
5. ചെയർമാന്റെയും വൈസ് ചെയർമാന്റെയും അധികാരങ്ങൾ .. 3
6. അംഗങ്ങളെ നീക്കം ചെയ്യൽ മുതലായവ .. 4
7. ഒഴിവ് മുതലായവ അതോറിറ്റിയുടെ നടപടികളെ ദുർബലപ്പെടുത്തുന്നതല്ലെന്ന് .. 4
8. സെക്രട്ടറിയും മറ്റുദ്യോഗസ്ഥൻമാരും .. 5
9. ഉപദേശകസമിതികൾ .. 5
10. അതോറിറ്റി ബിസിനസ് തത്വങ്ങൾ അനുസരിച്ച് പ്രവർത്തിക്കണമെന്ന് .. 5

അദ്ധ്യായം III

സ്വത്തും കരാറുകളും

11. കേന്ദ്ര സർക്കാരിന്റെ ആസ്തികളും ബാദ്ധ്യതകളും അതോറിറ്റിക്ക് കൈമാറ്റം ചെയ്യൽ .. 5
12. അതോറിറ്റിയാലുള്ള കരാറുകൾ .. 7
13. അതോറിറ്റിക്കുവേണ്ടി കരാറുകൾ ഒപ്പിട്ടു പൂർത്തികരിക്കേണ്ട രീതി .. 7

അദ്ധ്യായം IV

അതോറിറ്റിയുടെ ചുമതലകളും അധികാരങ്ങളും

14. അതോറിറ്റിയുടെ ചുമതലകൾ .. 8
15. പദ്ധതികളുടെ ഭേദഗതി .. 11
16. യാത്രക്കൂലിയുടെയും ചരക്കുകൂലിയുടെയും ഏറ്റവും കൂടിയതും ഏറ്റവും കുറഞ്ഞതുമായ നിരക്കുകൾ നിജപ്പെടുത്താനുള്ള അധികാരം .. 11

അദ്ധ്യായം V

## ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും

പേജ്


17. ഫീസും ചാർജ്ജുകളും ചുമത്തലും ഈടാക്കലും .. 12

18. കേന്ദ്രസർക്കാരാലുള്ള ഗ്രാന്റുകളും വായ്പകളും .. 12

19. ഫണ്ടിന്റെ രൂപീകരണം .. 12

20. ബഡ്ജററ് .. 13

21. ഫണ്ടുകളുടെ നിക്ഷേപം .. 13

22. വാർഷിക റിപ്പോർട്ട് .. 13

23. അക്കൗണ്ടുകളും ആഡിറ്റും .. 13

24. വാർഷിക റിപ്പോർട്ടും ആഡിറ്റർമാരുടെ റിപ്പോർട്ടും പാർലമെന്റ് മുൻപാകെ വയ്ക്കണമെന്ന് .. 13


അദ്ധ്യായം VI

## പലവക


25. നിർദ്ദേശങ്ങൾ നൽകാൻ കേന്ദ്രസർക്കാരിനുള്ള അധികാരം .. 13

26. അതോറിറ്റിക്കുവേണ്ടി ഭൂമി നിർബന്ധപൂർവ്വം ആർജ്ജിക്കൽ .. 13

27. ചില നിയമങ്ങളുടെ ബാധകത, മുതലായവ .. 13

28. പ്രവേശിക്കാനുള്ള അധികാരം .. 14

29. അധികാരം ഏല്പിക്കൽ .. 15

30. അതോറിറ്റിയുടെ ഉത്തരവുകളും മറ്റു പ്രമാണങ്ങളും പ്രമാണീകരിക്കൽ .. 15

31. അതോറിറ്റിയുടെ അംഗങ്ങളും ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പബ്ലിക് സർവന്റുമാരായിരിക്കുമെന്ന് .. 15

32. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്കുള്ള സംരക്ഷണം .. 15

33. അതോറിറ്റിയെ അതിലംഘിക്കാൻ കേന്ദ്രസർക്കാരിനുള്ള അധികാരം .. 16

34. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം .. 17

35. റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം .. 18

36. ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുൻപാകെ വയ്ക്കണമെന്ന് .. 19

37. വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം .. 19

38. 1982-ലെ 49-ാം ആക്റ്റിന്റെ ഭേദഗതി .. 20

# ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി ആക്ററ്, 1985

## (1985-ലെ 82-ാം നമ്പർ ആക്ററ്)

[1985 ഡിസംബർ, 30.]

കപ്പൽസഞ്ചാരത്തിനും ജലഗതാഗതത്തിനും ഉൾപ്രദേശ ജലമാർഗ്ഗങ്ങൾ ക്രമപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുന്നതിന് ഒരു അതോറിറ്റി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് സാന്ദർഭികമോ ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യാനുള്ള

ഒരു

ആക്ററ്

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തിയാറാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയുംപ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭികം

1. (1) ഈ ആക്ററിന് ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി ആക്ററ്, 1985 എന്ന് പേർ പറയാവുന്നതാണ്. ചുരുക്കപ്പേരും പ്രാരംഭവും.

(2) ഇത്, കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— നിർവ്വചനങ്ങൾ.

(ക) "സമീപസ്ഥഭൂമി" എന്നാൽ ഒരു ദേശീയ ജലമാർഗ്ഗത്തിനു സമീപമുള്ള അതിർത്തി നിർണ്ണയിച്ചതോ അല്ലാത്തതോ ആയ എല്ലാ ഭൂമിയും എന്നർത്ഥമാകുന്നു:

(ഖ) "അതോറിറ്റി" എന്നാൽ 3-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി എന്നർത്ഥമാകുന്നു:

(ഗ) "ചാൽ" എന്നാൽ സ്വാഭാവികമോ ഉണ്ടാക്കപ്പെട്ടതോ ആയ ഏതെങ്കിലും ജലമാർഗ്ഗം എന്നർത്ഥമാകുന്നു:

(ഘ) "പരിരക്ഷ" എന്നതിൽ മണ്ണുകോരൽ, പരിശീലനം, അടച്ചിടൽ, തിരിച്ചുവിടൽ, ചാലുകൾ ഉപേക്ഷിക്കൽ എന്നിവയുൾപ്പെടുന്നു;

(ങ) "പരിരക്ഷാ നടപടികൾ" എന്നാൽ പരിരക്ഷയ്ക്കുവേണ്ടിയുള്ള നടപടികൾ എന്നർത്ഥമാകുന്നതും എന്നാൽ അതിൽ വെള്ളപ്പൊക്കത്തിൽനിന്നും കരയെ സംരക്ഷിക്കുന്നതിനും പ്രധാനമായി കപ്പൽ സഞ്ചാരവും ജലഗതാഗതവുമായി ബന്ധപ്പെട്ട കാരണങ്ങളാലല്ലാതെ പരിമിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(ച) "അടിസ്ഥാന സജ്ജീകരണം" എന്നതിൽ ഡോക്കുകൾ, പാതാറുകൾ, ജെട്ടികൾ, ഇറങ്ങാനുള്ള തട്ടുകൾ, ചീർപ്പുകൾ, ബോയികൾ, ഉൾപ്രദേശ തുറമുഖങ്ങൾ, ചരക്കുകൾ കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങൾ, റോഡ്-റയിൽ സൗകര്യങ്ങൾ, ചരക്കുകൾ സൂക്ഷിക്കാനുള്ള സ്ഥലങ്ങൾ എന്നിങ്ങനെയുള്ള പണിപ്പാടുകൾ ഉൾപ്പെടുന്നതും അടിസ്ഥാന സജ്ജീകരണങ്ങളുടെ സൗകര്യങ്ങൾ എന്ന പദപ്രയോഗത്തിന് തദനുസരണം അർത്ഥം കല്പിക്കേണ്ടതുമാണ്;

(ഛ) "അംഗം" എന്നാൽ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട അതോറിറ്റിയിലെ ഒരംഗം എന്നർത്ഥമാകുന്നു;

(ജ) "ദേശീയ ജലമാർഗ്ഗം" എന്നാൽ ദേശീയ ജലമാർഗ്ഗ (ഗംഗാ-ഭാഗീരഥി-ഹൂഗ്ളി നദിയുടെ അലഹബാദ്, ഹാൽഡിയാ ഭാഗം) ആക്റ്റ്, 1982 (1982-ലെ 49)-ലെ 2-ാം വകുപ്പിനാൽ ഒരു ദേശീയ ജലമാർഗ്ഗമായി പ്രഖ്യാപിക്കപ്പെട്ട ഉൾപ്രദേശ ജലമാർഗ്ഗമെന്നർത്ഥമാകുന്നു;

*വിശദീകരണം.*—നിയമംമൂലം പാർലമെന്റ് മറ്റേതെങ്കിലും ജലമാർഗ്ഗത്തെ ദേശീയ ജലമാർഗ്ഗമായി പ്രഖ്യാപിക്കുകയാണെങ്കിൽ പ്രഖ്യാപനം പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ—

(i) അങ്ങനെയുള്ള ജലമാർഗ്ഗവും ഈ ഖണ്ഡത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ ഒരു ദേശീയ ജലമാർഗ്ഗമായി കണക്കാക്കേണ്ടതും;

(ii) ഈ ആക്റ്റിലെ വ്യവസ്ഥകൾ ആവശ്യമായ രൂപഭേദങ്ങളോടുകൂടി (ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി സംബന്ധിച്ച പരാമർശം മുൻപറഞ്ഞ തീയതി സംബന്ധിച്ച പരാമർശമായി അർത്ഥം കല്പിക്കണമെന്ന രൂപഭേദമുൾപ്പെടെ) അങ്ങനെയുള്ള ദേശീയ ജലമാർഗ്ഗത്തിന് ബാധകമാകുന്നതുമാണ്;

(ഝ) "ജലഗതാഗതയോഗ്യമായ ചാൽ" എന്നാൽ വർഷം മുഴുവനുമോ അതിൽ കുറഞ്ഞ കാലമോ ജലഗതാഗതയോഗ്യമായ ചാൽ എന്നർത്ഥമാകുന്നു;

(ഞ) "നിർണ്ണയിക്കപ്പെടാവുന്ന" എന്നാൽ, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന എന്നർത്ഥമാകുന്നു;

(ട) "റഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ അതോറിറ്റി ഉണ്ടാക്കിയ റഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ഠ) "ചട്ടങ്ങൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ കേന്ദ്രസർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

## അദ്ധ്യായം II

## ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി

ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റിയുടെ രൂപീകരണവും ഏകാംഗീകരണവും.

3. (1) ഈ ആക്ററിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന തീയതി പ്രഭാവത്തിൽ വരത്തക്കവണ്ണം രൂപീകരിക്കേണ്ടതാകുന്നു.

(2) അതോറിറ്റി മുൻപറഞ്ഞ പേരുള്ളതും ശാശ്വത പിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉള്ളതും, ഈ ആക്ററിലെ വ്യവസ്ഥകൾക്കു വിധേയമായി, ജംഗമമോ സ്ഥാവരമോ ആയ വസ്തു ആർജ്ജിക്കാനും കൈവശം വയ്ക്കാനും കൈമാററം ചെയ്യാനും കരാറിൽ ഏർപ്പെടാനും അധികാരമുള്ളതുമായ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും, പ്രസ്തുത പേരിൽ അതിന് വ്യവഹരിക്കാവുന്നതും പ്രസ്തുത പേരിൽ അത് വ്യവഹരിക്കപ്പെടാവുന്നതും ആകുന്നു.

(3) അതോറിറ്റി, കേന്ദ്രസർക്കാർ നിയമിക്കേണ്ട താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(ക) ഒരു ചെയർമാൻ;

(ഖ) ഒരു വൈസ് ചെയർമാൻ;

(ഗ) അഞ്ചിൽ കവിയാത്തത്ര ആളുകൾ.

(4) അതോറിറ്റിക്ക് ഈ ആക്ററിലെ വ്യവസ്ഥകളിൽ ഏതെങ്കിലും അനുസരിക്കുന്നതിന് ഏതൊരു ആളുടെ സഹായമോ ഉപദേശമോ ആണോ അത് ആഗ്രഹിക്കുന്നത് അങ്ങനെയുള്ള ഏതെങ്കിലും ആളെ റഗുലേഷനുകൾ വഴി നിശ്ചയിക്കുന്ന രീതിയിലും ആവശ്യങ്ങൾക്കും അതുമായി കൂട്ടുചേർക്കാവുന്നതും അങ്ങനെ കൂട്ടുചേർക്കപ്പെട്ട ഒരാൾക്ക് അയാൾ ഏത് ആവശ്യത്തിനാണോ കൂട്ടുചേർക്കപ്പെട്ടത് ആ ആവശ്യത്തിന് പ്രസക്തമായ, അതോറിറ്റിയുടെ ചർച്ചകളിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതും എന്നാൽ വോട്ടുചെയ്യാൻ അധികാരമില്ലാതിരിക്കുന്നതുമാണ്.

അംഗങ്ങളുടെ സേവന വ്യവസ്ഥകൾ.

4. അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലായിരിക്കേണ്ടതാണ്.

ചെയർമാന്റെയും വൈസ് ചെയർമാന്റെയും അധികാരങ്ങൾ.

5. (1) അതോറിറ്റിയുടെ ചെയർമാൻ അതോറിറ്റിയുടെ യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനുപുറമെ അതോറിറ്റി അയാൾക്ക് പ്രത്യായോജനം ചെയ്യുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർണ്ണയിക്കപ്പെടാവുന്ന മറ്റ് അധികാരങ്ങളും കർത്തവ്യങ്ങളും പ്രയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(2) അതോറിറ്റിയുടെ വൈസ്ചെയർമാൻ, ചെയർമാന്റെ അധികാരങ്ങളിലും കർത്തവ്യങ്ങളിലും, നിർണ്ണയിക്കപ്പെടുകയോ അതോറിറ്റി അയാൾക്ക് ഏല്പിച്ചുകൊടുക്കുകയോ ചെയ്യുന്നവ, പ്രയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

അംഗങ്ങളെ നീക്കം ചെയ്യൽ മുതലായവ

6. (1) കേന്ദ്രസർക്കാരിന് അതോറിറ്റിയിൽനിന്നും ഏതൊരംഗത്തേയും,—

(ക) അയാൾ പ്രവർത്തിക്കാൻ വിസമ്മതിക്കുന്നുവെന്നോ;

(ഖ) അയാൾക്ക് പ്രവർത്തിക്കാൻ കഴിവില്ലാതായിരിക്കുന്നു വെന്നോച ;

(ഗ) അയാൾ ഉദ്യോഗത്തിൽ തുടരുന്നത് പൊതുതാല്പര്യത്തിന് ഹാനികരമാകുന്നത്ര തന്റെ ഉദ്യോഗം ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ;

(ഘ) അയാൾ അംഗമായി തുടരാൻ മറ്റു വിധത്തിൽ അയോഗ്യനാണെന്നോ,

അഭിപ്രായമുള്ളപക്ഷം, നീക്കം ചെയ്യാവുന്നതാണ്.

(2) കേന്ദ്രസർക്കാരിന് ഏതൊരംഗത്തേയും അയാൾക്കെതിരായി അന്വേഷണം നടക്കുമ്പോൾ സസ്പെന്റ് ചെയ്യാവുന്നതാണ്.

(3) ഏതൊരംഗത്തേയും, ഈ വകുപ്പിൻകീഴിൽ നീക്കം ചെയ്തുകൊണ്ടുള്ള ഒരുത്തരവ്, ബന്ധപ്പെട്ട അംഗത്തിന് അയാളുടെ വിശദീകരണം കേന്ദ്രസർക്കാരിന് സമർപ്പിക്കാനുള്ള ഒരവസരം നൽകാതെ പുറപ്പെടുവിക്കുവാൻ പാടില്ലാത്തതും അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ നീക്കംചെയ്യപ്പെട്ട അംഗത്തിന്റെ സ്ഥാനം ഒഴിവായതായി പ്രഖ്യാപിക്കേണ്ടതുമാണ്.

(4) ഈ വകുപ്പിൻകീഴിൽ നീക്കം ചെയ്യപ്പെട്ട ഒരംഗത്തിന് അതോറിറ്റിയിൽ അംഗമായോ മറ്റേതെങ്കിലും നിലയിലോ പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

ഒഴിവ് മുതലായവ അതോറിറ്റിയുടെ നടപടികളെ ദുർബലപ്പെടുത്തുന്നതല്ലെന്ന്.

7. അതോറിറ്റിയുടെ യാതൊരു പ്രവർത്തിയും നടപടിയും—

(ക) അതോറിറ്റിയിലെ ഏതെങ്കിലും ഒഴിവോ അതോറിറ്റിയുടെ രൂപീകരണത്തിനുള്ള ഏതെങ്കിലും ന്യൂനതയോ ;

(ഖ) അതോറിറ്റിയിൽ ഒരംഗമായി പ്രവർത്തിക്കുന്ന ഒരു ആളുടെ നിയമനത്തിലുള്ള ഏതെങ്കിലും ന്യൂനതയോ ;

(ഗ) ഏതെങ്കിലും സംഗതിയുടെ യോഗ്യതയെ ബാധിക്കാത്ത അതോറിറ്റിയുടെ നടപടിക്രമത്തിലുള്ള ഏതെങ്കിലും ക്രമക്കേടോ കാരണം കൊണ്ടുമാത്രം അസാധുവാക്കപ്പെടാവുന്നതല്ല.

8. (1) ഈ ആക്റ്റിൻകീഴിലുള്ള ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് സെക്രട്ടറിയെയും ആവശ്യമെന്ന് കരുതുന്ന മറ്റുദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും അതോറിറ്റിക്ക് നിയമിക്കാവുന്നതാണ്. സെക്രട്ടറിയും മറ്റുദ്യോഗസ്ഥൻമാരും.

(2) അതോറിറ്റിയുടെ സെക്രട്ടറിയുടേയും മറ്റുദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും സേവനനിബന്ധനകളും ഉപാധികളും റഗുലേഷനുകൾവഴി നിശ്ചയിക്കാവുന്ന തരത്തിലുള്ളവയായിരിക്കേണ്ടതാണ്.

9. (1) അതോറിറ്റിക്ക്, അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ ഉപദേശകസമിതികൾ ഇതിലേക്ക് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി അതതു സമയം രൂപീകരിക്കാവുന്നതാണ്. ഉപദേശകസമിതികൾ

(2) ഓരോ ഉപദേശകസമിതിയും കപ്പൽ സഞ്ചാരവും ജലഗതാഗതവും അനുബന്ധ കാര്യങ്ങളുമായി ബന്ധപ്പെട്ട, അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്നത്ര ആളുകൾ ഉൾപ്പെടുന്നതായിരിക്കേണ്ടതാണ്.

10. ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അതോറിറ്റി ആകാവുന്നിടത്തോളം ബിസിനസ് തത്വങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. അതോറിറ്റി ബിസിനസ് തത്വങ്ങൾ അനുസരിച്ച് പ്രവർത്തിക്കണമെന്ന്.

## അദ്ധ്യായം III

## സ്വത്തും കരാറുകളും

11. (1) കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന തീയതി മുതൽ,— കേന്ദ്ര സർക്കാരിന്റെ ആസ്തികളും ബാദ്ധ്യതകളും അതോറിറ്റിക്ക് കൈമാറ്റം ചെയ്യൽ.

(ക) ഉൾപ്രദേശ ജലഗതാഗത ഡയറക്ടറേറ്റിന്റെ ആവശ്യങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായതും ഉൾപ്രദേശ ജലഗതാഗത ഡയറക്ടറേറ്റിലെ ചീഫ് എൻജിനീയർ—അഡ്മിനിസ്ട്രേറ്റർ അങ്ങനെയുള്ള തീയതിക്കു തൊട്ടുമുമ്പ് ഭരണം നടത്തിയിരുന്നതുമായ എല്ലാ സ്വത്തും മറ്റ് ആസ്തികളും അതോറിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്;

(ഖ) ഉൾപ്രദേശ ജലഗതാഗത ഡയറക്ടറേറ്റിനു വേണ്ടിയോ ഡയറക്ടറേറ്റിന്റെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടോ, അങ്ങനെയുള്ള തീയതിക്കു തൊട്ടുമുമ്പ്, കേന്ദ്രസർക്കാരിന് നേരിട്ട എല്ലാ കടങ്ങളും കടപ്പാടുകളും, ബാദ്ധ്യതകളും, കേന്ദ്ര സർക്കാരോ കേന്ദ്ര സർക്കാരുമായോ കേന്ദ്രസർക്കാരിനു വേണ്ടിയോ ഏർപ്പെട്ട എല്ലാ കരാറുകളും, നടത്താൻ ഏർപ്പെട്ട എല്ലാ കാര്യങ്ങളും സംഗതികളും അതോറിറ്റിക്ക് നേരിട്ടതോ അതോറിറ്റിയോ അതോറിറ്റിയുമായോ അതോറിറ്റിക്കുവേണ്ടിയോ ഏർപ്പെട്ടതോ നടത്താൻ ഏർപ്പെട്ടതോ ആയി കരുതേണ്ടതാണ്;

(ഗ) ഉൾപ്രദേശ ജലഗതാഗത ഡയറക്ടറേറ്റിനു വേണ്ടിയോ ഡയറക്ടറേറ്റിന്റെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടോ അങ്ങനെയുള്ള തീയതിവരെ കേന്ദ്രസർക്കാരിന് നേരിട്ടതും മൂലധനചെലവുകളായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതുമായ ആവർത്തിക്കാത്ത എല്ലാ ചെലവുകളും കേന്ദ്രസർക്കാർ നിശ്ചയിക്കാവുന്ന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി അതോറിറ്റിക്ക് കേന്ദ്രസർക്കാർ നൽകിയ മൂലധനമായി കണക്കാക്കേണ്ടതാണ്;

(ഘ) ഉൾപ്രദേശ ജലഗതാഗത ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട്, അങ്ങനെയുള്ള തീയതിക്കു തൊട്ടുമുൻപ് കേന്ദ്രസർക്കാരിന് ലഭിക്കേണ്ട എല്ലാ തുകകളും അതോറിറ്റിക്കു ലഭിക്കേണ്ടതായി കണക്കാക്കേണ്ടതാണ്;

(ങ) ഉൾപ്രദേശ ജലഗതാഗത ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട ഏതെങ്കിലും സംഗതി സംബന്ധിച്ച് കേന്ദ്രസർക്കാരോ കേന്ദ്രസർക്കാരിനെതിരായോ കൊടുത്തിരുന്നതോ നിലവിലുള്ളതോ അങ്ങനെയുള്ള തീയതിക്കു തൊട്ടുമുമ്പ് കൊടുക്കാമായിരുന്നതോ ആയ എല്ലാ വ്യവഹാരങ്ങളും മറ്റ് നിയമനടപടികളും അങ്ങനെയുള്ള തീയതിക്കും അതിനുശേഷവും അതോറിറ്റിയോ അതോറിറ്റിക്കെതിരായോ തുടരുകയോ കൊടുക്കുകയോ ചെയ്യാവുന്നതാണ്;

(ച) ഈ ആക്ററിന്റെ കീഴിലുള്ള അതോറിറ്റിയുടെ ചുമതലകൾക്ക് പ്രസക്തിയുള്ള ഉൾപ്രദേശ ജലഗതാഗത ഡയറക്ടറേറ്റിന്റെ കാര്യങ്ങൾക്ക് മാത്രമായോ മുഖ്യമായി അവ സംബന്ധിച്ചോ അവയുമായി ബന്ധപ്പെട്ടോ അങ്ങനെയുള്ള തീയതിക്കു തൊട്ടുമുൻപ് കേന്ദ്രസർക്കാരിന്റെ കീഴിൽ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ഓരോ ജീവനക്കാരനും, അതോറിറ്റിയിൽ ഡെപ്യൂട്ടേഷനിലാണെന്ന് കരുതേണ്ടതും എന്നാൽ അതോറിറ്റി രൂപീകരിച്ചില്ലായിരുന്നെങ്കിൽ ശമ്പളം, അവധി, പ്രോവിഡന്റ് ഫണ്ട്, ഉദ്യോഗത്തിൽനിന്നും വിരമിക്കുമ്പോഴുള്ള ആനുകൂല്യങ്ങൾ, ഉദ്യോഗം അവസാനിക്കുമ്പോൾ നൽകുന്ന മറ്റാനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് ഏത് സേവന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയനായാണോ അയാൾ അങ്ങനെയുള്ള ഉദ്യോഗം വഹിക്കുമായിരുന്നത് അതേ സേവന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയനായി അയാൾ അതോറിറ്റിയിൽ ഉദ്യോഗം വഹിക്കുകയും, അങ്ങനെയുള്ള ഉദ്യോഗസ്ഥനെ സ്വമേധയാ അല്ലെങ്കിൽ അതോറിറ്റിയുടെ അഭ്യർത്ഥനയിൻമേൽ കേന്ദ്രസർക്കാർ അതിന്റെ സർവ്വീസിലേക്ക് തിരിച്ചെടുക്കുന്നതുവരെയോ, അതോറിറ്റി കേന്ദ്രസർക്കാരിന്റെ യോജിപ്പോടുകൂടി അതിന്റെ സ്ഥിരം സർവ്വീസിൽ യഥാവിധി ലയിപ്പിക്കുന്നതുവരെയോ ഇവയിലേത് ആദ്യം സംഭവിക്കുന്നുവോ അതുവരെ അയാൾ അങ്ങനെ തുടരുന്നതുമാണ്:

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും ജീവനക്കാരൻ അതോറിറ്റിയിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന കാലയളവിൽ അങ്ങനെയുള്ള ഓരോ ജീവനക്കാരനെയും സംബന്ധിച്ച് അവധി, ശമ്പളം, പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയവയിലേക്ക് കേന്ദ്രസർക്കാർ ഉത്തരവുമൂലം നിശ്ചയിക്കുന്ന അംശദായം അതോറിററി കേന്ദ്രസർക്കാരിന് നൽകേണ്ടതാണ്:

എന്നുമാത്രമല്ല അതോറിറ്റിയുടെ സ്ഥിരം സർവ്വീസിൽ ലയിപ്പിക്കുവാനുള്ള അതോറിറ്റിയുടെ നിർദ്ദേശം സംബന്ധിച്ച് അതോറിറ്റിയുടെ സ്ഥിരം ജീവനക്കാരനാകാൻ ഉദ്ദേശ്യമില്ലെന്ന് അതോറിറ്റി ഇതിലേക്ക് നിർദ്ദേശിക്കാവുന്ന സമയത്തിനുള്ളിൽ അറിയിച്ചിട്ടുള്ള അങ്ങനെയുള്ള ഏതൊരു ജീവനക്കാരനെയും അതോറിറ്റി അതിന്റെ സ്ഥിരം സർവ്വീസിൽ ലയിപ്പിക്കുവാൻ പാടില്ലാത്തതാകുന്നു.

(2) കേന്ദ്രസർക്കാരിന്റെ ഏതെല്ലാം സ്വത്തുക്കളും അവകാശങ്ങളും ബാദ്ധ്യതകളും അതോറിറ്റിക്ക് കൈമാറ്റം ചെയ്തിട്ടുള്ളതെന്നതു സംബന്ധിച്ചോ കേന്ദ്രസർക്കാരിന്റെ കീഴിൽ ജോലിചെയ്യുന്ന ഏതെല്ലാം ജീവനക്കാർ ഈ വകുപ്പുപ്രകാരം അതോറിറ്റിയിൽ ഡെപ്യൂട്ടേഷനിലാണെന്ന് കണക്കാക്കണമെന്നതു സംബന്ധിച്ചോ ഏതെങ്കിലും തർക്കമോ സംശയമോ ഉണ്ടാകുകയാണെങ്കിൽ അങ്ങനെയുള്ള തർക്കമോ സംശയമോ അതോറിറ്റിയുമായി കൂടിയാലോചിച്ച് കേന്ദ്രസർക്കാർ തീരുമാനിക്കേണ്ടതും അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(3) വ്യാവസായിക തർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14)-ലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും ജീവനക്കാരനെ അതോറിറ്റിയുടെ സ്ഥിരം സർവ്വീസിൽ ലയിപ്പിക്കുന്നത് ആ ആക്റ്റിന്റെയോ മറ്റേതെങ്കിലും നിയമത്തിന്റെയോ കീഴിൽ അങ്ങനെയുള്ള ജീവനക്കാരന് എന്തെങ്കിലും നഷ്ടപരിഹാരത്തിന് അവകാശം ഉണ്ടാക്കുന്നതല്ലാത്തതും അങ്ങനെയുള്ള യാതൊരു അവകാശവാദവും യാതൊരു കോടതിയും ട്രൈബ്യൂണലും മറ്റ് അധികാര സ്ഥാനവും പരിഗണനയ്ക്കെടുക്കുവാൻ പാടില്ലാത്തതുമാകുന്നു.

12. ഈ ആക്റ്റിൻകീഴിലുള്ള അതോറിറ്റിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഏതെങ്കിലും കരാറിൽ ഏർപ്പെടുവാനും ഏതെങ്കിലും കരാർ നിർവ്വഹിക്കുവാനും 13-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി അതിന് ക്ഷമതയുണ്ടായിരിക്കുന്നതാണ്. — അതോറിറ്റിയാലുള്ള കരാറുകൾ

13. (1) അതോറിറ്റിക്കുവേണ്ടിയുള്ള ഓരോ കരാറും ചെയർമാനോ അതോറിറ്റി ഇതിലേക്ക് സാമാന്യമോ പ്രത്യേകമോ ആയി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും അംഗമോ ഉദ്യോഗസ്ഥനോ ഒപ്പിട്ട് പൂർത്തീകരിക്കേണ്ടതും റഗുലേഷനുകളിൽ നിർദ്ദേശിക്കാവുന്ന കരാറുകളിലോ റഗുലേഷനുകളിൽ നിർദ്ദേശിക്കാവുന്ന വിഭാഗം കരാറുകളിലോ അതോറിറ്റിയുടെ പൊതുമുദ്ര പതിപ്പിക്കേണ്ടതുമാണ്: — അതോറിറ്റിക്കുവേണ്ടി കരാറുകൾ ഒപ്പിട്ടു പൂർത്തികരിക്കേണ്ട രീതി.

എന്നാൽ കേന്ദ്രസർക്കാർ, അതതുസമയം, ഇതിലേക്ക് ഉത്തരവുമൂലം നിശ്ചയിക്കാവുന്ന മൂല്യത്തിലോ തുകയിലോ കവിഞ്ഞ യാതൊരു കരാറും അതോറിറ്റി അതിനെ മുൻകൂട്ടി അംഗീകരിക്കാത്തപക്ഷം ഉണ്ടാക്കുവാൻ പാടില്ലാത്തതാകുന്നു:

എന്നുമാത്രമല്ല സ്ഥാവരവസ്തു ആർജ്ജിക്കുന്നതിനോ, അങ്ങനെയുള്ള ഏതെങ്കിലും വസ്തുവിന്റെ വിൽപ്പനയ്ക്കോ മുപ്പതുവർഷത്തിൽ കവിഞ്ഞ കാലയളവിലേക്കുള്ള പാട്ടത്തിനോ ഉള്ള യാതൊരു കരാറും ഇതിലേക്ക് കേന്ദ്രസർക്കാർ, അതതുസമയം, ഉത്തരവുമൂലം നിശ്ചയിക്കാവുന്ന മൂല്യത്തിലോ തുകയിലോ കവിഞ്ഞ മറ്റേതൊരു കരാറും കേന്ദ്രസർക്കാർ അതിനെ മുൻകൂട്ടി അംഗീകരിക്കാത്തപക്ഷം ഉണ്ടാക്കുവാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും കരാറിന്റെ രൂപവും അത് ഉണ്ടാക്കേണ്ട രീതിയും റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലായിരിക്കേണ്ടതാണ്

(3) ഈ ആക്റ്റിലെയും റഗുലേഷനുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായിട്ടല്ലാത്ത യാതൊരു കരാറും അതോറിറ്റിക്ക് നിബന്ധകമാകുന്നതല്ല.

## അദ്ധ്യായം IV

## അതോറിറ്റിയുടെ ചുമതലകളും അധികാരങ്ങളും

അതോറിറ്റിയുടെ ചുമതലകൾ

14. (1) അതോറിറ്റിക്ക്—

(ക) കപ്പൽ സഞ്ചാരത്തിനും ജലഗതാഗതത്തിനുംവേണ്ടി ദേശീയ ജലമാർഗ്ഗങ്ങളുടെയും സമീപസ്ഥപ്രദേശങ്ങളുടെയും വികസനത്തിനും സംരക്ഷണത്തിനും മെച്ചപ്പെട്ട ഉപയോഗത്തിനും സർവ്വേകളും അന്വേഷണങ്ങളും നടത്താവുന്നതും ഇതിലേക്ക് പദ്ധതികൾ തയ്യാറാക്കാവുന്നതും;

(ഖ) ദേശീയ ജലമാർഗ്ഗങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ ഏർപ്പെടുത്താൻ അനുവദിക്കുകയോ ചെയ്യാവുന്നതും;

(ഗ) കപ്പൽ സഞ്ചാരത്തിന്റെയും ജലഗതാഗതത്തിന്റെയും സുരക്ഷിതത്വത്തിനും സൗകര്യത്തിനും ദേശീയ ജലമാർഗ്ഗങ്ങളുടെ അഭിവൃദ്ധിക്കും ആവശ്യമായ സംരക്ഷണനടപടികളും പരിശീലന ജോലികളും മറ്റെല്ലാ പ്രവർത്തനങ്ങളും ചെയ്യാവുന്നതും;

(ഘ) സുരക്ഷിതവും കാര്യക്ഷമവുമായ കപ്പൽ സഞ്ചാരത്തെയോ ജലഗതാഗതത്തെയോ ജലഗതാഗതയോഗ്യമായ ചാലുകളുടെ സൂക്ഷിപ്പിനെയോ റിവർട്രയിനിംഗിനെയോ സംരക്ഷണ നടപടികളെയോ ബാധിക്കുന്നിടത്തോളം ദേശീയ ജലമാർഗ്ഗങ്ങളുടെ അടിത്തട്ടിലേക്കോ സമീപസ്ഥ പ്രദേശങ്ങളിലേക്കോ ചപ്പുചവർ എറിയുക, വസ്തുക്കൾ കൊണ്ടിടുക അവിടെനിന്നും അവ എടുത്തുമാറ്റുക എന്നിങ്ങനെയുള്ള പ്രവർത്തികൾ നിയന്ത്രിക്കാവുന്നതും;

(ങ) ദേശീയ ജലമാർഗ്ഗങ്ങളിലോ സമീപസ്ഥ പ്രദേശത്തോ സുരക്ഷിതമായ ജലഗതാഗതത്തെ പ്രതിബന്ധപ്പെടുത്തുന്നതോ അടിസ്ഥാന സജ്ജീകരണങ്ങളുടെയോ സംരക്ഷണ നടപടികളുടെയോ സുരക്ഷിതത്വത്തെ അപകടപ്പെടുത്തുന്നതോ ആയ തടസ്സമോ പ്രതിബന്ധമോ നിയമപരമായി ഉണ്ടാക്കപ്പെട്ടതോ, അങ്ങനെയുള്ള തടസ്സമോ പ്രതിബന്ധമോ ദീർഘകാലമായി തുടരുന്നതുകൊണ്ടോ മറ്റുവിധത്തിലോ നിയമാനുസൃതമായിത്തീർന്നതോ ആയിരിക്കുന്നിടത്ത്, നീക്കംചെയ്യലോ വ്യതിയാനപ്പെടുത്തലോമൂലം നഷ്ടം സംഭവിക്കുന്ന ആൾക്ക് നഷ്ടപരിഹാരം നൽകിയശേഷം നീക്കം ചെയ്യുകയോ വ്യതിയാനപ്പെടുത്തുകയോ ചെയ്യാവുന്നതും;

(ച) ദേശീയ ജലമാർഗ്ഗങ്ങളിലെ ജലഗതാഗതവും (നങ്കൂര സ്ഥാന നിയമങ്ങൾ ഉൾപ്പെടെ) ഗതാഗതവും ക്രമപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതും;

(ഛ) ദേശീയ ജലമാർഗ്ഗങ്ങളിലോ, അവയ്ക്ക് കുറുകെയോ അടിയിലൂടെയോ ഉള്ള പണിപ്പാടുകളുടെ നിർമ്മാണമോ വ്യതിയാനപ്പെടുത്തലോ ക്രമപ്പെടുത്താവുന്നതും;

(ജ) ദേശീയ ജലമാർഗ്ഗങ്ങൾ സംബന്ധിച്ച് ജലഗതാഗതത്തിനുള്ള അന്തരീക്ഷ ശാസ്ത്രപരമായ വിവരം പ്രസാരണം ചെയ്യാവുന്നതും;

(ഝ) ദേശീയ ജലമാർഗ്ഗങ്ങളിലെ ഉൾപ്രദേശ ജലപരിവഹണവും മറ്റു ഗതാഗത രീതികളുമായുള്ള ഏകോപനം ഉറപ്പുവരുത്താവുന്നതും;

(ഞ) ദേശീയ ജലമാർഗ്ഗങ്ങളിൽ പൈലറ്റേജ് സ്ഥാപിക്കാവുന്നതും നിലനിറുത്താവുന്നതും;

ആണ്.

(2) കൂടാതെ അതോറിറ്റിക്ക്—

(ക) ഉൾപ്രദേശ ജലപരിവഹണം സംബന്ധിച്ച കാര്യങ്ങളിൽ കേന്ദ്രസർക്കാരിനെ ഉപദേശിക്കാവുന്നതും;

(ഖ) ഉൾപ്രദേശ ജലപരിവഹണത്തെ മറ്റു ഗതാഗതരീതികളുമായി ഏകോപിപ്പിക്കുന്ന ലക്ഷ്യത്തോടെ ഗതാഗത ആവശ്യകതയെക്കുറിച്ച് പഠിക്കാവുന്നതും;

(ഗ) ഹൈഡ്രോഗ്രാഫി സംബന്ധിച്ച് സർവ്വേകൾ നടത്തുകയും നദികളെ സംബന്ധിച്ച ചാർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യാവുന്നതും;

(ഘ) ഉൾപ്രദേശ ജലപരിവഹണ വികസനത്തിനുള്ള പദ്ധതി രൂപവൽക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും പരസ്പരം സമ്മതിച്ച നിബന്ധനകളിൻമേലും ഉപാധികളിൻമേലും ഏതു സംസ്ഥാന സർക്കാരിനെയും സഹായിക്കാവുന്നതും;

(ങ) കപ്പൽ സഞ്ചാരത്തിനോ ജലഗതാഗതത്തിനോ ഉള്ള ജല മാർഗ്ഗങ്ങളുടെയോ അവയിലുള്ള ഏതെങ്കിലും സൗകര്യത്തിന്റെയോ ആസൂത്രണമോ വികസനമോ സംബന്ധിച്ച് ഉപദേശക സർവ്വീസുകൾ വികസിപ്പിച്ചെടുക്കാവുന്നതും പരസ്പരം സമ്മതിച്ച നിബന്ധനകളിൻമേലും ഉപാധികളിൻമേലും ഭാരതത്തിലും വിദേശത്തും അങ്ങനെയുള്ള ഉപദേശക സർവ്വീസുകളുടെ സേവനങ്ങൾ നൽകാവുന്നതും;

(ച) തോണികളുടെ രൂപകല്പന ചെയ്യുന്നതു വികസിപ്പിക്കലും നാടൻതോണികളുടെ യന്ത്രവൽക്കരണവും വലിച്ചുകൊണ്ടുപോകുന്നതു സംബന്ധിച്ച സാങ്കേതിക വിജ്ഞാനവും കരയ്ക്കിറങ്ങുന്ന സ്ഥലത്തും അടുപ്പിക്കുന്ന സ്ഥലത്തും ഉള്ള സൗകര്യങ്ങളും, തുറമുഖത്തെ യന്ത്രസംവിധാനങ്ങളും, സർവ്വേ സംബന്ധിച്ച സാങ്കേതിക വിജ്ഞാനവുമുൾപ്പെടെ ഉൾപ്രദേശ ജലഗതാഗതം സംബന്ധിച്ച കാര്യങ്ങളിൽ ഗവേഷണം നടത്താവുന്നതും;

(ഛ) ഉൾപ്രദേശ ജലമാർഗ്ഗങ്ങളുടെ തരംതിരിവിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കാവുന്നതും;

(ജ) ഉൾപ്രദേശ ജലഗതാഗത ഉദ്യോഗസ്ഥൻമാർക്ക് രാജ്യത്തിനകത്തും പുറത്തും സാങ്കേതിക പരിശീലനം നൽകാനുള്ള പരിപാടികൾ ഏർപ്പെടുത്താവുന്നതും;

(ഝ) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനാവശ്യമായ മറ്റെല്ലാ ചുമതലകളും നിർവ്വഹിക്കാവുന്നതും

ആണ്.

(3) (1)-ാം ഉപവകുപ്പ്, (ജ) ഖണ്ഡത്തിൽ പരമാർശിച്ച നഷ്ടപരിഹാരം സംബന്ധിച്ചുണ്ടാകുന്ന ഏതൊരു തർക്കവും പൊതു ആവശ്യങ്ങൾക്ക് വേണ്ടിവരുന്ന സ്ഥലം സംബന്ധിച്ച സദൃശതർക്കങ്ങൾ തീർക്കുന്ന രീതിയിൽ തീർപ്പാക്കേണ്ടതാണ്.

(4) (1)-ം (2)-ം ഉപവകുപ്പുകളിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന തുകയിൽ കവിഞ്ഞുള്ള മൂലധനച്ചെലവ് ഉൾപ്പെടുന്ന അതോറിറ്റി തയ്യാറാക്കുന്ന ഓരോ പദ്ധതിയും, കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

(5) (4)-ാം ഉപവകുപ്പിൻകീഴിൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്ന പദ്ധതി രൂപഭേദം കൂടാതെയോ അതാവശ്യമാണെന്ന് കരുതുന്ന രൂപഭേദങ്ങളോടുകൂടിയോ കേന്ദ്രസർക്കാർ അംഗീകരിക്കുകയോ കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ഒരു പുതിയ പദ്ധതി തയ്യാറാക്കുവാൻ അതോറിറ്റിയോട് നിർദ്ദേശിച്ചുകൊണ്ട് പദ്ധതി തള്ളിക്കളയുകയോ ചെയ്യാവുന്നതാണ്.

15. 14-ാം വകുപ്പ്, (5)-ാം ഉപവകുപ്പിൻകീഴിൽ അംഗീകരിച്ച പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ അതോറിറ്റി സാരവത്തായ യാതൊരു മാറ്റവും വരുത്തുവാൻ പാടുള്ളതല്ല. പദ്ധതികളുടെ ഭേദഗതി.

*വിശദീകരണം*:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് "സാരവത്തായ മാറ്റം" എന്നാൽ പദ്ധതിച്ചെലവിൽ അതിന്റെ ഇരുപതുശതമാനത്തിൽ കവിഞ്ഞുള്ള വർദ്ധനവ് അല്ലെങ്കിൽ നേട്ടവും ചെലവും തമ്മിലുള്ള അംശബന്ധത്തിൽ ചെലവിന്റെ ഘടകം നേട്ടത്തെക്കാൾ കൂടുതലാക്കുകയോ നേട്ടത്തിന്റെ ഘടകം നേട്ടവും ചെലവും തമ്മിലുള്ള അംശബന്ധത്തിൽ ഇരുപതു ശതമാനത്തിൽ കുറയ്ക്കുകയോ ചെയ്യുന്ന ഒരു മാറ്റം എന്നർത്ഥമാകുന്നു.

16. ഏതെങ്കിലും ദേശീയ ജലമാർഗ്ഗ സംവിധാനമോ ഏതെങ്കിലും ദേശീയ ജലമാർഗ്ഗത്തിന്റെ ഏതെങ്കിലും ഭാഗമോ, ഒരു ദേശീയ ജലമാർഗ്ഗത്തിലെ ഏതെങ്കിലും രണ്ടു സ്റ്റേഷനുകൾക്കിടയിലെ ഗതാഗതമോ സംബന്ധിച്ച്, കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതോറിറ്റിക്ക് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി,— യാത്രക്കൂലിയുടെയും ചരക്കുകൂലിയുടെയും ഏറ്റവും കൂടിയതും ഏറ്റവും കുറഞ്ഞതുമായ നിരക്കുകൾ നിജപ്പെടുത്താനുള്ള അധികാരം.

(ക) യന്ത്രചാലിത ഉൾപ്രദേശ ജലയാനത്തിൽ യാത്രക്കാരുടെമേൽ ഏതു ക്ലാസു സംബന്ധിച്ചും ഓരോ കിലോമീറ്ററിനും ചുമത്താവുന്ന ഏറ്റവും കൂടിയ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ യാത്രാനിരക്കുകൾ നിജപ്പെടുത്താവുന്നതും;

(ഖ) യന്ത്രചാലിക ഉൾപ്രദേശ ജലയാനങ്ങളിൽ കൊണ്ടുപോകുന്ന ഏതുതരം സാധനങ്ങൾ സംബന്ധിച്ചും ഓരോ കിലോമീറ്ററിനും ചുമത്താവുന്ന ചരക്കുകൂലിയുടെ ഏറ്റവും കൂടിയ നിരക്കുകൾ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ നിരക്കുകൾ അല്ലെങ്കിൽ അങ്ങനെയുള്ള രണ്ടുനിരക്കുകളും നിജപ്പെടുത്താവുന്നതും;

(ഗ) ഈ വകുപ്പിൻകീഴിൽ യാത്രക്കൂലിയുടെയോ സാധനങ്ങളിൻമേൽ ചുമത്താവുന്ന ചരക്കുകൂലിയുടെയോ ഏറ്റവും കൂടിയ നിരക്കുകൾ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ നിരക്കുകൾ അല്ലെങ്കിൽ ഈ രണ്ടുനിരക്കുകളും നിജപ്പെടുത്തിയിട്ടുള്ളിടത്ത് യാത്രക്കൂലിയോ സാധനങ്ങളിന്മേലുള്ള ചരക്കുകൂലിയോ കണക്കാക്കുന്ന ആവശ്യത്തിന് ഒരു ദേശീയ ജലമാർഗ്ഗത്തിലെ ഏതെങ്കിലും രണ്ട് സ്റ്റേഷനുകൾ തമ്മിലുള്ള ദൂരം എത്രയാണെന്നും കരുതാമെന്ന് പ്രഖ്യാപിക്കാവുന്നതും;

ആകുന്നു.

## അദ്ധ്യായം V

## ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും

ഫീസും ചാർജ്ജുകളും ചുമത്തലും ഈടാക്കലും.

17. (1) അതോറിറ്റിക്ക് കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി യാത്രക്കാർക്കുള്ള സൗകര്യങ്ങളും ജലയാനങ്ങൾ നങ്കൂരമിട്ടു കിടക്കുകയും, ചരക്കുകൾ കൈകാര്യം ചെയ്യുകയും, ചരക്കുകൾ സൂക്ഷിക്കുകയും ചെയ്യുന്നതു സംബന്ധിച്ച സൗകര്യങ്ങളും ഉൾപ്പെടെ കപ്പൽ യാത്രയുടെയോ ജലഗതാഗതത്തിന്റെയോ അടിസ്ഥാന സൗകര്യങ്ങളുടെയോ ആവശ്യങ്ങൾക്ക് ദേശീയ ജലമാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതു സംബന്ധിച്ച് നൽകപ്പെടുന്ന സേവനങ്ങൾക്കോ നേട്ടങ്ങൾക്കോ ഇതിലേക്ക് ഉണ്ടാക്കാവുന്ന റഗുലേഷനുകൾവഴി വ്യവസ്ഥ ചെയ്യാവുന്ന നിരക്കുകളിൽ ഫീസുകളും ചാർജ്ജുകളും ഈടാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ചുമത്തപ്പെടുന്ന ഫീസുകളും ചാർജ്ജുകളും റഗുലേഷനുകളാൽ നിശ്ചയിക്കപ്പെടുന്ന രീതിയിൽ ഈടാക്കാവുന്നതാണ്.

കേന്ദ്രസർക്കാരാലുള്ള ഗ്രാന്റുകളും വായ്പകളും.

18. നിയമംമൂലം പാർലമെന്റ് ഇതിലേക്ക് യഥാവിധി വകകൊള്ളിച്ച ശേഷം കേന്ദ്രസർക്കാരിന് ആവശ്യമെന്നുതോന്നുന്നത്ര തുകകൾ ആ സർക്കാർ അതോറിറ്റിക്ക് ഗ്രാന്റായും വായ്പയായും നൽകാവുന്നതാണ്.

ഫണ്ടിന്റെ രൂപീകരണം.

19. (1) ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കപ്പെടേണ്ടതും,

അതിലേക്ക്—

(ക) 18-ാം വകുപ്പിൻകീഴിൽ കേന്ദ്രസർക്കാർ അതോറിറ്റിക്ക് നൽകുന്ന ഏത് ഗ്രാന്റും വായ്പയും;

(ഖ) ഈ ആക്റ്റിൻകീഴിൽ അതോറിറ്റിക്ക് ലഭിക്കുന്ന എല്ലാ ഫീസുകളും ചാർജ്ജുകളും;

(ഗ) കേന്ദ്രസർക്കാർ നിശ്ചയിക്കുന്നതനുസരിച്ച് മറ്റുമാർഗ്ഗങ്ങളിൽനിന്ന് അതോറിറ്റിക്കു ലഭിക്കുന്ന എല്ലാ തുകകളും;

വരവു വയ്ക്കപ്പെടേണ്ടതുമാണ്.

(2) ഫണ്ട്—

(ക) അതോറിറ്റിയുടെ അംഗങ്ങളുടെയും ഉദ്യോഗസ്ഥൻമാരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റു വേതനവും;

(ഖ) 14-ാം വകുപ്പിൻകീഴിൽ അതോറിറ്റിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ചെലവുകളും;

(ഗ) ഈ ആക്റ്റ് അധികാരപ്പെടുത്തുന്ന ഉദ്ദേശ്യങ്ങൾക്കും ആവശ്യങ്ങൾക്കുമുള്ള ചെലവുകളും;

നേരിടുന്നതിന് വിനിയോഗിക്കേണ്ടതാണ്.

20. അതോറിറ്റി ഓരോ സാമ്പത്തിക വർഷവും അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ആയവ്യയ അടങ്കൽ കാണിച്ചുകൊണ്ടുള്ള അതിന്റെ ബഡ്ജറ്റ് നിർണ്ണയിക്കപ്പെടാവുന്ന രൂപത്തിലും സമയത്തും തയ്യാറാക്കേണ്ടതും അത് കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

ബഡ്ജററ്.

21. അതോറിററിക്ക് അതിന്റെ ഫണ്ടുകൾ (ഏതെങ്കിലും റിസർവ് ഫണ്ട് ഉൾപ്പെടെ) കേന്ദ്രസർക്കാരിന്റെ സെക്യൂരിറ്റികളിലോ നിർണ്ണയിക്കപ്പെടാവുന്ന മറ്റു രീതിയിലോ നിക്ഷേപിക്കാവുന്നതാണ്.

ഫണ്ടുകളുടെ നിക്ഷേപം.

22. അതോറിറ്റി ഓരോ സാമ്പത്തിക വർഷവും നിർണ്ണയിക്കപ്പെടാവുന്ന രൂപത്തിലും സമയത്തും കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ മുഴുവൻ വിവരങ്ങളും നൽകുന്ന അതിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

വാർഷിക റിപ്പോർട്ട്.

23. അതോറിറ്റിയുടെ കണക്കുകൾ ഭാരതത്തിന്റെ കംട്രോളർ-ആഡിറ്റർ ജനറലുമായി ആലോചിച്ച് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ വച്ചുപോരേണ്ടതും, ആഡിറ്റ് ചെയ്യേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന തീയതിക്കുമുമ്പ് അതിന്റെ ആഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ പകർപ്പ് ആഡിറ്റർമാരുടെ അതിൻമേലുള്ള റിപ്പോർട്ടുസഹിതം കേന്ദ്രസർക്കാരിന് നല്കേണ്ടതുമാണ്.

അക്കൗണ്ടുകളും ആഡിറ്റും.

24. വാർഷിക റിപ്പോർട്ടും ആഡിറ്റർമാരുടെ റിപ്പോർട്ടും ലഭിച്ചശേഷം കഴിയുന്നത്രവേഗം കേന്ദ്ര സർക്കാർ അവ പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്പിക്കേണ്ടതാണ്.

വാർഷിക റിപ്പോർട്ടും ആഡിറ്റർമാരുടെ റിപ്പോർട്ടും പാർലമെന്റ് മുൻപാകെ വയ്ക്കണമെന്ന്.

## അദ്ധ്യായം VI

### പലവക

25. (1) ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത രീതിയിൽ, ഈ ആക്റ്റിൻ കീഴിലുള്ള അതോറിറ്റിയുടെ കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിൽ കേന്ദ്രസർക്കാർ നയപരമായ കാര്യങ്ങളിൻമേൽ അതതുസമയം ലിഖിതമായി നൽകാവുന്ന നിർദ്ദേശങ്ങൾ അനുസരിക്കാൻ അതോറിറ്റി ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്:

നിർദ്ദേശങ്ങൾ നൽകാൻ കേന്ദ്ര സർക്കാരിനുള്ള അധികാരം.

എന്നാൽ, പ്രായോഗികമാവുന്നിടത്തോളം, ഈ ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും നിർദ്ദേശം നല്കുന്നതിനുമുമ്പ് അതോറിറ്റിക്ക് അതിന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള അവസരം നൽകേണ്ടതാണ്.

(2) ഒരു സംഗതി നയപരമായിട്ടുള്ളതാണോ അല്ലയോയെന്ന് കേന്ദ്ര സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

26. ഈ ആക്ററിൻകീഴിൽ അതോറിററിയുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് അതിനാവശ്യമായ ഏത് ഭൂമിയും ഒരു പൊതു ആവശ്യത്തിനുവേണ്ടിയുള്ളതായി കണക്കാക്കേണ്ടതും അങ്ങനെയുള്ള ഭൂമി വസ്തു ആർജ്ജന ആക്റ്റ്, 1894 (1894-ലെ 1)-ൻ കീഴിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും തൽസ്ഥാനീയ നിയമത്തിൻകീഴിലോ അതോറിറ്റിക്കുവേണ്ടി ആർജ്ജിക്കാവുന്നതുമാണ്.

അതോറിറ്റിക്കുവേണ്ടി ഭൂമി നിർബന്ധപൂർവ്വം ആർജ്ജിക്കൽ.

27. (1) ആക്റ്റിലെ വ്യവസ്ഥകൾ ഭാരതത്തിന്റെ തുറമുഖ ആക്ററ്, 1908 (1908-ലെ 15)-ലെ വ്യവസ്ഥകൾക്കും വൻകിട തുറമുഖ ട്രസ്ററ് ആക്റ്റ്, 1963, (1963-ലെ 38)-ലെ വ്യവസ്ഥകൾക്കും പുറമെ ആയിരിക്കുന്നതും, പ്രത്യേകിച്ച് ഈ ആക്ററിലെ യാതൊന്നും—

ചില നിയമങ്ങളുടെ ബാധകത, മുതലായവ.

(ക) ഭാരതത്തിന്റെ തുറമുഖ ആക്ററ്, 1908 (1908-ലെ 15)-ൻ കീഴിലെ ഏതെങ്കിലും തുറമുഖ കൺസർവേറ്ററോ, ഏതെങ്കിലും ഉദ്യോഗസ്ഥനോ, അധികാരസ്ഥാനമോ;

(ഖ) വൻകിട തുറമുഖ ട്രസ്റ്റ് ആക്റ്റ്, 1963 (1963-ലെ 38)-ൻ കീഴിലെ ഏതെങ്കിലും വൻകിട തുറമുഖത്തിലെ ട്രസ്റ്റീബോർഡോ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ;

അങ്ങനെയുള്ള തുറമുഖത്തിന്റെയോ, വൻകിട തുറമുഖത്തിന്റെയോ പരിധികൾക്കുള്ളിൽ വരുന്ന (ദേശീയ ജലമാർഗ്ഗം ഉൾപ്പെടെ) ഏതെങ്കിലും ഉൾപ്രദേശ ജലമാർഗ്ഗത്തിന്റെ ഏതെങ്കിലും ഭാഗത്തോ ഭാഗം സംബന്ധിച്ചോ പ്രയോഗിക്കേണ്ട അധികാരിതയെയോ നിർവഹിക്കേണ്ട ചുമതലകളെയോ വിനിയോഗിക്കേണ്ട അധികാരങ്ങളെയോ നിറവേറ്റേണ്ട കർത്തവ്യങ്ങളെയോ ബാധിക്കുന്നതല്ലാത്തതുമാകുന്നു.

(2) ഏതെങ്കിലും ദേശീയജലമാർഗ്ഗത്തിലെ കപ്പൽസഞ്ചാരമോ ജലഗതാഗതമോ സംബന്ധിച്ച് ഉൾപ്രദേശ ജലയാന ആക്റ്റ്, 1917 (1917-ലെ 1)-ന്റെയോ, [ഭാരതത്തിന്റെ തുറമുഖ ആക്ററ്, 1908 (1908-ലെ 15)-ഠ, വൻകിട തുറമുഖ ട്രസ്റ്റ് ആക്ററ്, 1963 (1963-ലെ 38)-ഠ, ഒഴികെയുള്ള] മറ്റേതെങ്കിലും കേന്ദ്ര ആക്ററിന്റെയോ ഈ ആക്ററിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്ന ഏതെങ്കിലും സംസ്ഥാന അല്ലെങ്കിൽ പ്രാദേശിക ആക്റ്റിന്റെയോ പ്രവർത്തനത്തെ ഈ ആക്ററിലെ യാതൊന്നും ബാധിക്കുന്നതല്ലാത്തതും, എന്നാൽ അങ്ങനെയുള്ള ദേശീയ ജലമാർഗ്ഗത്തിലെ കപ്പൽ സഞ്ചാരത്തെയോ, ജലഗതാഗതത്തെയോ അതിന് സാന്ദർഭികമായതോ അതുമായി മറ്റുവിധത്തിൽ ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ചോ അതുമായി ബന്ധപ്പെട്ടോ സംസ്ഥാന സർക്കാരോ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ അങ്ങനെയുള്ള ഏതെങ്കിലും ആക്ററിൻ കീഴിൽ പ്രയോഗിക്കുകയോ നിർവ്വഹിക്കുകയോ വിനിയോഗിക്കുകയോ നിറവേറ്റുകയോ ചെയ്യേണ്ട ഏതെങ്കിലും അധികാരിതയോ ചുമതലകളോ. അധികാരങ്ങളോ കർത്തവ്യങ്ങളോ അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം അതോറിററി പ്രയോഗിക്കുകയോ നിർവ്വഹിക്കുകയോ, വിനിയോഗിക്കുകയോ നിറവേറ്റുകയോ ചെയ്യേണ്ടതുമാണ്.

പ്രവേശിക്കാനുള്ള അധികാരം.

28. ഇതിലേക്ക് ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്കു വിധേയമായി, അതോറിററി ഇതിലേക്ക് സാമാന്യമോ പ്രത്യേകമോ ആയി അധികാരപ്പെടുത്തിയ ഏതൊരാൾക്കും ഈ ആക്ററിന്റെ ഏതെങ്കിലും ആവശ്യങ്ങൾക്ക് അങ്ങനെ ചെയ്യുന്നത് ആവശ്യമായി വരുമ്പോഴെല്ലാം ഏതു സ്ഥലത്തും പരിസരങ്ങളിലും ന്യായമായ എല്ലാസമയത്തും പ്രവേശിക്കാവുന്നതും—

(ക) ഏതെങ്കിലും പരിശോധനയോ സർവ്വേയോ അളക്കലോ മൂല്യനിർണ്ണയമോ അന്വേഷണമോ നടത്തുകയോ;

(ഖ) വിതാനം തിട്ടപ്പെടുത്തുകയോ;

(ഗ) അടിമണ്ണിൽ കുഴിക്കുകയോ തുരക്കുകയോ;

(ഘ) പരിധികളും ഉദ്ദേശിക്കുന്ന പണിയുടെ പ്ലാനുകളും രേഖപ്പെടുത്തുകയോ;

(ങ) അങ്ങനെയുള്ള വിധാനപരിധികളും പ്ലാനുകളും അടയാളങ്ങൾ ഇട്ടും കുഴികൾ വെട്ടിയും അടയാളപ്പെടുത്തുകയോ;

(ച) നിർണ്ണയിക്കപ്പെടാവുന്ന മറ്റു പ്രവൃത്തികളോ കാര്യങ്ങളോ ചെയ്യുകയോ;

ചെയ്യാവുന്നതുമാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരാളും ഏതെങ്കിലും കെട്ടിടത്തിലോ ഒരു വാസഗൃഹത്തിനോട് അനുബന്ധിച്ചുള്ള വളച്ചുകെട്ടിയ ഏതെങ്കിലും മുറ്റത്തോ തോട്ടത്തിലോ (അതിന്റെ കൈവശക്കാരന്റെ അനുവാദമില്ലാത്തപക്ഷം) അങ്ങനെയുള്ള കൈവശക്കാരന് അയാളുടെ ഉദ്ദേശ്യം സംബന്ധിച്ച് കുറഞ്ഞത് ഇരുപത്തിനാല് മണിക്കൂറെങ്കിലും മുൻകൂട്ടി ലിഖിതമായ നോട്ടീസ് നൽകിയിട്ടല്ലാതെ പ്രവേശിക്കാൻ പാടില്ലാത്തതാകുന്നു.

29. അതോറിറ്റി, സാമാന്യമോ പ്രത്യേകമോ ആയ ലിഖിതമായ ഉത്തരവുമൂലം, 35-ാം വകുപ്പിൻകീഴിലുള്ള അധികാരമൊഴികെ അതിന് ആവശ്യമെന്ന് കരുതുന്ന ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും ചെയർമാനോ, മറ്റേതെങ്കിലും അംഗത്തിനോ അതോറിറ്റിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഉത്തരവിൽ നിർദ്ദേശിക്കാവുന്ന ഏതെങ്കിലും നിബന്ധനകൾക്കും പരിമിതികൾക്കും വിധേയമായി അധികാരം ഏല്പിക്കാവുന്നതാണ്. (അധികാരം ഏല്പിക്കൽ.)

30. അതോറിറ്റിയുടെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ചെയർമാനോ അല്ലെങ്കിൽ ഇതിലേക്ക് അതോറിറ്റി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും അംഗമോ ഒപ്പിട്ട് പ്രമാണീകരിക്കേണ്ടതും അതോറിറ്റി ഒപ്പിട്ട് പൂർത്തീകരിക്കേണ്ട മറ്റെല്ലാ പ്രമാണങ്ങളും ഇതിലേക്ക് അതോറിറ്റി അധികാരപ്പെടുത്തിയ അതോറിറ്റിയുടെ ഒരു ഉദ്യോഗസ്ഥൻ ഒപ്പിട്ട് പ്രമാണീകരിക്കേണ്ടതുമാണ്. (അതോറിറ്റിയുടെ ഉത്തരവുകളും മറ്റു പ്രമാണങ്ങളും പ്രമാണീകരിക്കൽ.)

31. അതോറിറ്റിയുടെ എല്ലാ അംഗങ്ങളും ഉദ്യോഗസ്ഥന്മാരും ജീവനക്കാരും ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തിക്കുകയോ പ്രവർത്തിക്കുന്നതായി കരുതപ്പെടുകയോ ചെയ്യുമ്പോൾ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 1860 (1860-ലെ 45)-ലെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ പബ്ലിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്. (അതോറിറ്റിയുടെ അംഗങ്ങളും ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പബ്ലിക് സർവന്റുമാരായിരിക്കുമെന്ന്.)

32. (1) ഈ ആക്റ്റിന്റെയോ, അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളുടേയോ റഗുലേഷനുകളുടേയോ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച്, സർക്കാരിനെതിരായോ, സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരായോ, അതോറിറ്റിയുടെ ഏതെങ്കിലും അംഗത്തിനോ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ജീവനക്കാരനോ എതിരായോ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനില്ക്കുന്നതല്ല. (ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്കുള്ള സംരക്ഷണം.)

(2) ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളുടേയോ റഗുലേഷനുകളുടേയോ കീഴിൽ ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലുംമൂലം ഉണ്ടായതോ ഉണ്ടാകുവാൻ സാധ്യത ഉള്ളതോ ആയ ഏതൊരു നാശനഷ്ടത്തിനും അതോറിറ്റിക്ക് എതിരായി യാതൊരു വ്യവഹാരമോ നിയമ നടപടികളോ നിലനില്ക്കുന്നതല്ലാത്തതും പ്രത്യേകിച്ച് വെള്ളപ്പൊക്കമോ, പണിപ്പാടുകളിലെ പൊട്ടലോ തകരാറുകളോ ആവശ്യമാക്കിത്തീർക്കുന്ന ആശ്വാസ നടപടികൾ കൈക്കൊള്ളാൻ അതോറിറ്റി ബാദ്ധ്യസ്ഥമല്ലാത്തതുമാകുന്നു.

അതോറിറ്റിയെ അതിലംഘിക്കാൻ കേന്ദ്രസർക്കാരിനുള്ള അധികാരം.

33. (1) കേന്ദ്രസർക്കാരിന് എപ്പോഴെങ്കിലും—

(ക) ഗുരുതരമായ ഒരു അടിയന്തിരാവസ്ഥ കാരണം, അതോറിറ്റിക്ക് ഈ ആക്റ്റിലെ വ്യവസ്ഥകളാലോ വ്യവസ്ഥകളിൻ കീഴിലോ അതിൻമേൽ ചുമത്തപ്പെട്ട ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുവാൻ കഴിയുന്നില്ലെന്നോ;

(ഖ) ഈ ആക്റ്റിൻകീഴിൽ കേന്ദ്രസർക്കാർ നല്കിയ ഏതെങ്കിലും നിർദ്ദേശം അനുസരിക്കുന്നതിലോ ഈ ആക്റ്റിലെ വ്യവസ്ഥകളാലോ വ്യവസ്ഥകളിൻകീഴിലോ അതിൻമേൽ ചുമത്തപ്പെട്ട ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിലോ അതോറിറ്റി തുടരെത്തുടരെ വീഴ്ചവരുത്തിയതായും ആ വീഴ്ചയുടെ ഫലമായി അതോറിറ്റിയുടെ സാമ്പത്തിക നിലയോ ഏതെങ്കിലും ദേശീയ ജല മാർഗ്ഗത്തിന്റെ ഭരണമോ അധഃപതിച്ചിട്ടുണ്ടെന്നോ;

(ഗ) അങ്ങനെ ചെയ്യുന്നത് പൊതുതാല്പര്യത്തിന് ആവശ്യമാക്കിത്തീർക്കുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്നോ—

അഭിപ്രായമുള്ളപക്ഷം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി കേന്ദ്രസർക്കാർ വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന ആറുമാസത്തിൽ കവിയാത്ത കാലത്തേക്ക് അതോറിറ്റിയെ അതിലംഘിക്കാവുന്നതാണ്:

എന്നാൽ (ഖ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ ഈ ഉപവകുപ്പിൻകീഴിൽ ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് കേന്ദ്രസർക്കാർ അതോറിറ്റിയെ അതിലംഘിക്കാതിരിക്കുവാൻ കാരണം കാണിക്കുവാൻ ന്യായമായ ഒരവസരം അതിനു നൽകേണ്ടതും അതോറിറ്റിയുടെ വിശദീകരണങ്ങളും ആക്ഷേപവും, എന്തെങ്കിലുമുണ്ടെങ്കിൽ, പരിഗണിക്കേണ്ടതുമാണ്.

(2) അതോറിറ്റിയെ അതിലംഘിച്ചുകൊണ്ട് (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന്മേൽ,—

(ക) അതിലംഘിച്ച തീയതിമുതൽ എല്ലാ അംഗങ്ങളും അംഗമെന്ന നിലയിലുള്ള അവരുടെ ഔദ്യോഗിക സ്ഥാനങ്ങൾ ഒഴിയേണ്ടതും;

(ഖ) ഈ ആക്റ്റിനാലോ ആക്റ്റിൻകീഴിലോ അതോറിറ്റിയോ അല്ലെങ്കിൽ അതോറിറ്റിക്കുവേണ്ടിയോ വിനിയോഗിച്ചിരുന്നതോ അല്ലെങ്കിൽ നിർവ്വഹിച്ചിരുന്നതോ ആയ എല്ലാ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും (3)-ാം ഉപവകുപ്പിൻകീഴിൽ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതുവരെ കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന ആളോ ആളുകളോ വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതും;

(ഗ) അതോറിറ്റിയുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള എല്ലാ വസ്തുക്കളും (3)-ാം ഉപവകുപ്പിൻകീഴിൽ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതുവരെ കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും,

ആകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിർദ്ദേശിച്ച അതിലംഘനത്തിന്റെ കാലാവധി അവസാനിക്കുന്നതിന്മേൽ കേന്ദ്രസർക്കാരിന്—

(ക) അതിലംഘനത്തിന്റെ കാലാവധി അതിന് ആവശ്യമെന്ന് കരുതുന്ന ആറുമാസത്തിൽ കവിയാത്ത കൂടുതൽ കാലയളവിലേക്ക് നീട്ടുകയോ;

(ഖ) പുതിയ നിയമനംവഴി അതോറിറ്റി പുനഃസംഘടിപ്പിക്കുകയോ;

ചെയ്യാവുന്നതും അങ്ങനെയുള്ള സംഗതിയിൽ (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ ഔദ്യോഗിക സ്ഥാനം ഒഴിഞ്ഞ ആളുകൾ നിയമനത്തിന് അയോഗ്യരായി കരുതപ്പെടുന്നതല്ലാത്തതുമാകുന്നു:

എന്നാൽ കേന്ദ്രസർക്കാരിന് (1)-ാം ഉപവകുപ്പിൻകീഴിൽ ആദ്യം നിർദ്ദേശിച്ച പ്രകാരമുള്ളതോ ഈ ഉപവകുപ്പിൻകീഴിൽ നീട്ടിയ പ്രകാരമുള്ളതോ ആയ അതിലംഘനത്തിന്റെ കാലയളവ് അവസാനിക്കുന്നതിനു മുമ്പ് എപ്പോൾ വേണമെങ്കിലും ഈ ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൻ കീഴിൽ നടപടി എടുക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനവും ഈ വകുപ്പിൻകീഴിൽ എടുത്ത ഏതൊരു നടപടിയുടേയും അങ്ങനെയുള്ള നടപടിയിലേക്ക് നയിച്ച സാഹചര്യങ്ങളുടെയും പൂർണ്ണമായ ഒരു റിപ്പോർട്ടും കേന്ദ്രസർക്കാർ, ഏറ്റവും നേരത്തേയുള്ള അവസരത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കാൻ ഇടയാക്കേണ്ടതാണ്.

ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

34. (1) കേന്ദ്രസർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന സംഗതികൾ എല്ലാമോ അവയിലേതെങ്കിലുമോ സംബന്ധിച്ച് വ്യവസ്ഥചെയ്യാവുന്നതാണ്, അതായത്:—

(ക) 4-ാം വകുപ്പിൻകീഴിൽ അതോറിറ്റിയിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും മറ്റ് സേവന വ്യവസ്ഥകളും;

(ഖ) 5-ാം വകുപ്പിൻകീഴിൽ ചെയർമാന്റെയും വൈസ് ചെയർമാന്റെയും അധികാരങ്ങളും കർത്തവ്യങ്ങളും;

(ഗ) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉപദേശക സമിതിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ;

(ഘ) 14-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ നിർണ്ണയിക്കപ്പെടേണ്ട തുക;

(ങ) 20-ാം വകുപ്പിൻ കീഴിലുള്ള അതോറിറ്റിയുടെ ബജറ്റും 22-ാം വകുപ്പിൻകീഴിലുള്ള അതിന്റെ വാർഷിക റിപ്പോർട്ടും അതോറിറ്റി തയ്യാറാക്കേണ്ട രൂപവും സമയവും;

(ച) 21-ാം വകുപ്പിൻകീഴിൽ അതോറിറ്റി അതിന്റെ ഫണ്ടുകൾ നിക്ഷേപിക്കേണ്ട രീതി;

(ഛ) 23-ാം വകുപ്പിൻകീഴിൽ അതോറിറ്റിയുടെ അക്കൗണ്ടുകൾ വച്ചുപോരുകയും ആഡിറ്റു ചെയ്യുകയും ചെയ്യേണ്ടരീതി;

(ജ) ഏത് ഉപാധികൾക്കും പരിമിതികൾക്കും വിധേയമായാണ് പ്രവേശിക്കുവാനുള്ള അധികാരം 28-ാം വകുപ്പിൻകീഴിൽ വിനിയോഗിക്കാവുന്നത് എന്നതും ആ വകുപ്പിലെ (ച) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംഗതികളും;

(ഝ) ഏത് സംഗതിയാണോ നിർണ്ണയിക്കപ്പെടേണ്ടത് അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്നത് അല്ലെങ്കിൽ ഏത് സംഗതി സംബന്ധിച്ചാണ് ചട്ടങ്ങളാൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടത് അല്ലെങ്കിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്നത് അങ്ങനെയുള്ള മറ്റേതെങ്കിലും സംഗതി.

റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം.

35. (1) അതോറിറ്റിക്ക് കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, സാമാന്യമായി ഈ ആക്റ്റിനും ചട്ടങ്ങൾക്കും സംഗതമായി ഈ ആക്റ്റിലെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ച് മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള റഗുലേഷനുകളിൽ താഴെപ്പറയുന്ന സംഗതികൾ എല്ലാമോ അവയിലേതെങ്കിലുമോ സംബന്ധിച്ച് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻ കീഴിൽ അതോറിറ്റി ഏതെങ്കിലും ആളെ അതുമായി കൂട്ടുചേർക്കാവുന്ന രീതിയും ആവശ്യങ്ങളും;

(ഖ) 8-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ അതോറിറ്റിയുടെ സെക്രട്ടറിയുടെയും മറ്റ് ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും സേവനനിബന്ധനകളും ഉപാധികളും;

(ഗ) അതോറിറ്റിയുടെ പൊതുമുദ്ര പതിക്കേണ്ട കരാറുകളും കരാറുകളുടെ വിഭാഗവും അതോറിറ്റി ഉണ്ടാക്കാവുന്ന ഒരു കോൺട്രാക്റ്റിന്റെ രൂപവും രീതിയും;

(ഘ) 14-ാം വകുപ്പ് (1)-ം (2)-ം ഉപവകുപ്പുകളിൽ പരാമർശിക്കുന്ന സംഗതികൾ സംബന്ധിച്ചുള്ള ഏതെങ്കിലും ചുമതലകൾ നിർവഹിക്കേണ്ട രീതിയും അവ നിർവഹിക്കേണ്ടത് ഏത് ഉപാധികൾക്കുവിധേയമായാണോ അങ്ങനെയുള്ള ഉപാധികളും

(ങ) ദേശീയ ജലമാർഗ്ഗത്തിലെ ഗതാഗതചട്ടം;

(ച) അടിസ്ഥാന സജ്ജീകരണങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും സുരക്ഷിതവും കാര്യക്ഷമവും സൗകര്യപ്രദവുമായ ഉപയോഗവും നടത്തിപ്പും നിയന്ത്രണവും;

(ഛ) ദേശീയ ജലമാർഗ്ഗത്തിലൂടെ കൊണ്ടുവരുന്നസാധനങ്ങളുടെ കൈപ്പറ്റലും, ചുമക്കലും സൂക്ഷിപ്പും നീക്കംചെയ്യലും, കേടുവന്നതോ കേടുവന്നതായി ആരോപിക്കപ്പെടുകയോ ചെയ്യുന്ന സാധനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിക്രമങ്ങളും;

(ജ) ജലയാനങ്ങളിൽ നിന്നും സാധനങ്ങൾ ഇറക്കുകയോ ജലയാനങ്ങളിൽ സാധനങ്ങൾ കയറ്റുകയോ ചെയ്യേണ്ടത് ഏത് ഡോക്കുകളിലും പാതാറുകളിലും ജെട്ടികളിലും ഇറങ്ങാനുള്ള തട്ടുകളിലും നിന്നാണോ അങ്ങനെയുള്ള ഡോക്കുകളും പാതാറുകളും ജെട്ടികളും ഇറങ്ങാനുള്ള തട്ടുകളും ക്രമപ്പെടുത്തുകയും അവ ഏതെന്ന് പ്രഖ്യാപിക്കുകയും നിർവ്വചിക്കുകയും ചെയ്യുന്നതും;

(ഝ) ദേശീയ ജലമാർഗ്ഗത്തിൽ ജലയാനങ്ങളിൽനിന്നും സാധനങ്ങൾ കയറ്റുകയും ഇറക്കുകയും ചെയ്യുന്നതിനുള്ള രീതിയും നിബന്ധനകളും ക്രമപ്പെടുത്തുന്നതും;

(ഞ) ദേശീയ ജലമാർഗ്ഗത്തിൽനിന്നും ക്രമവിരുദ്ധവും അനഭിലഷണീയവുമായി പെരുമാറുന്ന ആളുകളെയും അതിക്രമിച്ചു കടക്കുന്നവരെയും ഒഴിവാക്കുന്നതും.

(3) (2)-ാം ഉപവകുപ്പ് (ഗ) മുതൽ (ഞ) വരെയുള്ള ഏതെങ്കിലും ഖണ്ഡത്തിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു റഗുലേഷനിലും അതിന്റെ ലംഘനത്തിന് അഞ്ഞൂറ് രൂപവരെയാകാവുന്ന പിഴശിക്ഷയ്ക്കും ലംഘനം തുടരുന്ന സംഗതിയിൽ, അങ്ങനെയുള്ള ആദ്യത്തെ ലംഘനത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ടതിനുശേഷം അങ്ങനെയുള്ള ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും ഇരുപത് രൂപവരെയാകാവുന്ന കൂടുതൽ പിഴ ശിക്ഷയ്ക്കും വ്യവസ്ഥ ചെയ്യാവുന്നതാണ്.

ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുൻപാകെ വയ്ക്കണമെന്ന്.

36. ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതൊരു ചട്ടവും ഏതൊരു റഗുലേഷനും അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും ആ ചട്ടത്തിലോ, റഗുലേഷനിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിനോ റഗുലേഷനോ, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിന്റെയോ റഗുലേഷന്റെയോ കീഴിൽ മുമ്പുചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.

37. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത ഉത്ഭവിക്കുകയാണെങ്കിൽ ഈ ആക്റ്റിന്റെ വ്യവസ്ഥകളോട് അസംഗതമല്ലാത്ത ആ വിഷമത നീക്കാൻ ആവശ്യമെന്ന് തോന്നുന്ന വ്യവസ്ഥകൾ കേന്ദ്രസർക്കാരിന് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവുവഴി ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ വകുപ്പിൻകീഴിൽ യാതൊരു ഉത്തരവും ഈ ആക്റ്റ് പ്രഭാവത്തിൽവന്ന് അഞ്ചുവർഷം കഴിഞ്ഞതിനുശേഷം പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ഉത്തരവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

1982-ലെ 49-ാം ആക്റ്റിന്റെ ഭേദഗതി.

38. ദേശീയ ജലമാർഗ്ഗ (ഗംഗാ-ഭാഗീരഥി-ഹൂഗ്ലി നദിയുടെ അലഹബാദ്-ഹാൽദിയ ഭാഗം) ആക്റ്റ്, 1982-ൽ—

(ക) 3-ാം വകുപ്പിൽ "കേന്ദ്രസർക്കാർ" എന്ന വാക്കുകൾക്ക് പകരം "യൂണിയൻ" എന്ന വാക്ക് ചേർക്കേണ്ടതും, "ഇതിനുശേഷം വ്യവസ്ഥ ചെയ്തിടത്തോളം" എന്ന വാക്കുകൾക്കുപകരം "ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി ആക്റ്റ്, 1985-ൽ വ്യവസ്ഥ ചെയ്തിടത്തോളം" എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്;

(ഖ) 4 മുതൽ 15 വരെ വകുപ്പുകൾ വിട്ടുകളയേണ്ടതാണ്.